# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P6-717/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P6-717/2022 തീയ്യതി: 16/07/2022

# ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 18-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാദേവി സി എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുഷ റ്റി പിള്ള,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ മനേഷ് കുമാർ ജി.സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| പ്രൊഫ. ഏലിക്കുട്ടി കുര്യാക്കോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി.പുഷ്പകുമാരി | പ്രസിഡന്റ് | 21-12-2020 | 24-01-2021 |
| ശ്രീമതി ഗീത സുരേന്ദ്രൻ | പ്രസിഡന്റ് | 25-01-2021 | 27-01-2021 |
| ശ്രീ.രാജ് കുമാർ കെ.ആർ | പ്രസിഡന്റ് | 28-01-2021 | 25-02-2021 |
| ശ്രീമതി.ബിന്ദു കുരുവിള | പ്രസിഡന്റ് | 26-02-2021 | 04-03-2021 |
| ശ്രീ.രാജ് കുമാർ കെ.ആർ | പ്രസിഡന്റ് | 05-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രപ്രസാദ് | കൃഷി ഓഫീസർ | 01-04-2020 | 03-08-2020 |
| അർച്ചന | കൃഷി ഓഫീസർ | 04-08-2020 | 07-10-2020 |
| പ്രീത.എസ്സ് | കൃഷി ഓഫീസർ | 08-10-2020 | 31-03-2021 |
| തോമസ് ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സജിത് ശ്രീകുമാർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 17-07-2020 |
| ഡോ.മിന്റോ മർക്കോസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 18-07-2020 | 31-03-2021 |
| ഡോ.ഗിരിജ.എസ്സ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 02-02-2021 |
| ഡോ.പാർവ്വതി.സി.എ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 03-02-2021 | 09-03-2021 |
| ഡോ.ക്ഷേമലത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 10-03-2021 | 31-03-2021 |
| വിനോദിനി .വി.ജി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ദിവ്യശ്രീ.എം.ആർ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ലാലി.എസ്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജി.ഗോപാലകൃഷ്ണ പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-06-2020 |
| മിസ്റ്റി കെ.വർഗ്ഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |
| റെജിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| അഞ്ചു കൃഷ്ണ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രീത നായർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 22-01-2021 |
| ഡോ.ദീപ എസ്.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 23-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.S Mayadevi (Asst. Audit Officer, On 26-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 26-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-07-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 04-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിഷകലനം (റസിപ്റ്റ്& പേയ്മെന്റ് പ്രകാരം)<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 04-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: C.S Mayadevi (Asst. Audit Officer, On 26-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്ണ സംവിധാനം<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 1-9 |
| 11 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-10 |
| 12 | ഫ്യൂവൽ സ്റ്റേഷനുകളുടെ കനോപ്പി ഭാഗത്തെ വസ്തു നികുതി ഈടാക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-11 |
| 13 | അൺ എയ്ഡഡ് സ്കൂളിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി.<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-12 |
| 14 | പെട്രോൾ പമ്പുകളുടെ ലൈസൻസ് ഫീ ഈടാക്കുന്നതിലെ കുറവ്.<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-13 |
| 15 | സ്ഥാപന തൊഴിൽ നികുതി- ഈടാക്കിയില്ല<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-14 |
| 16 | ഇ ടെന്റർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെന്റർ ഫീസ് ഇനത്തിലെ തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-15 |
| 17 | ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം - സോയിൽ ടെസ്റ്റിനായി തുക | 1-16 |

| | | |
|---|---|---|
| | ചെലവഴിച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | |
| 18 | ഇന്റർലോക്കിംഗ് -അധിക നിരക്ക് നൽകി-സോഫ്റ്റ് വെയറിലെ പിഴവ്<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 1-17 |
| 19 | അധിക നിരക്കിൽ പി.എച്ച്.സി.യ്ക്ക് ഫർണ്ണിച്ചർ വാങ്ങി.<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-18 |
| 20 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അമിത ചെലവ്<br>Written By: Susha.T.Pillai (Asst. Audit Officer, On 28-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-19 |
| 21 | വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 29-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-20 |
| 22 | ന്യൂട്രിമിക്സിന്റെ സാമ്പിൾ പരിശോധനാ വിവരം ലഭിച്ചില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-21 |
| 23 | വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-22 |
| 24 | ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-23 |
| 25 | ലൈഫ് ഭവന നിർമ്മാണ പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 1-24 |
| 26 | വിവിധ ഫണ്ടിനങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു.<br>Written By: C.S Mayadevi (Asst. Audit Officer, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S Mayadevi (Asst. Audit Officer, On 27-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 27-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S Mayadevi (Asst. Audit Officer, On 04-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Maneshkumar G (Senior Grade Auditor, On 30-06-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24/03/2020-ാം തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1,54,925,551 | 1,41,306,300 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 112,660,673 | 115,134,264 |

## 1-2 വാർഷിക ധനകാര്യ പത്രിക

സംസ്ഥാന തലത്തിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തുന്നതിൽ കാലതാമസം നേരിട്ടതു മൂലം ഗ്രാമ പഞ്ചായത്തിന് വാർഷിക ധനകാര്യ പത്രിക 02.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) താഴെ ചേർത്തിട്ടുള്ള ഫണ്ടിനങ്ങൾ അപ്രോപ്രിയേഷൻ കംട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | RP 7 വാർഷിക കണക്ക് പ്രകാരം തുക | എ സി ആർ പ്രകാരം തുക |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 13657180 | 13493274 |
| വികസന ഫണ്ട്(SCP) | 4730357 | 3695534 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6797162 | 5976000 |

2) ട്രഷറി തനത്ഫണ്ട് പാസ് ബുക്ക് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിലെ വരവ് 8673942 രൂപ. എന്നാൽ എ എഫ് എസ് പ്രകാരംം തുക 8022642 രൂപ.

3)താഴെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ റെകൺസിലിയേഷൻ നടത്തിയതായി കാണുന്നില്ല

| ബാങ്ക് /ബാങ്ക് അക്കൗണ്ട് നം. | എ എഫ് എസ് പ്രകാരം തുക | റെകൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് പ്രകാരം തുക | ബാങ്ക് പാസ് ബുക്ക് പ്രകാരം തുക |
|---|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്(1405) | 258836 | 0 | 112388.37 |
| സബ് ട്രഷറി,ചെങ്ങന്നൂർ (799013000033) | 2188065 | 1777582 | 1300000 |
| കേരള ഗ്രാമീൺ ബാങ്ക് (1182) | 7677346 | 7852742 | 7732590 |

4) നാഷണലൈസ്ഡ് ബാങ്ക് ഔൺ റെവന്യൂ ഫണ്ട് ( -) 347021 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരം ഒരു ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ ഉപയോഗത്തിലില്ല.

5) B4 ഷെഡ്യൂൾ പ്രാകരം 320200305 ഹെഡ് കോഡ് പ്രകാരമുള്ള 180345 രൂപ, നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എ സി ആർ പ്രകാരം ഈ തുക

ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ഹെഡ് കോഡ് 320400199 പ്രകാരമുള്ള 478000 രൂപ ജില്ലാ പഞ്ചായത്തിൽ തിരികെ അടച്ചിട്ടുണ്ടെങ്കിലും ഈ തുക നീക്കിയിരിപ്പുള്ളതായി എ എഫ് എസിൽ കാണുന്നു.

6)വരട്ടാർ പുനരുദ്ധാരണത്തിനായി ലഭിച്ച 700000 രൂപയിൽ 2190 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിരുന്നു. എന്നാൽ 700000 രൂപ ബാലൻസായി B 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു.
7) റെസീപ്റ്റ് & പേമെന്റ് പ്രകാരം ആകെ വരവ് 69762071 രൂപ. ആകെ ചെലവ് 69534154 രൂപ. 227917 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

അപാകതകൾ പരിഹരിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.
തിരുവൻവണ്ടർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഐ എൽ ജി എം എസ് പ്രകാരമുള്ള വാർഷിക കണക്കുകൾ 02.07.2022 തീയതിയിൽ AIMS ൽ സബ്മിറ്റ് ചെയ്തിരുന്നതാണ് . പ്രസ്തുത വാർഷികകണക്കകൾ പരിശോധിച്ചതിന്റെ വിവരങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിഷകലനം (റസിപ്റ്റ്& പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,18,59,670 |
| വരവ് | 57902401 |
| ആകെ | 69762071 |
| ചെലവ് | 54406315 |
| നീക്കിയിരിപ്പ് | 15127839 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 120060 |

## 1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് |
| വികസനഫണ്ട് പൊതുവിഭാഗം | - | 8,17,902 | 1,45,79,098 | 1,53,97,000 | 8,17,902 | 1,34,93,274 | 10,85,824 |
| വികസനഫണ്ട് എസ്.സി.പി. | - | 58,509 | 39,26,491 | 39,85,000 | 58,509 | 36,95,534 | 2,30,957 |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 279000 | 0 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 0 | 1,13,25,084 | 1,13,25,084 | 0 | 66,20,258 | 47,04,826 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 0 | 59,76,000 | 59,76,000 | 0 | 59,76,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 0 | 35,54,679 | 35,54,679 | 0 | 29,85,011 | 5,69,668 |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 0 | 8022642 | 8022642 | 0 | 8022642 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 180 | 65947378 | 154 | 39747458 | 34 | 26 | 85.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ **- 36**

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 98212 | 488961 | 587173 | 474785 | 112388 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 14315163 | 14315163 | 14315163 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 3,215,900 | 175 |
| വിധവാപെൻഷൻ | 8,801,500 | 421 |
| വാർദ്ധക്യകാലപെൻഷൻ | 30,988,700 | 1512 |
| വികലാംഗപെൻഷൻ | 2,870,100 | 132 |
| അവിവാഹിതപെൻഷൻ | 359,700 | 17 |
| വിധവകളുടെ പെൺ | 90,000 | 3 |

| | | |
|---|---|---|
| മക്കൾക്കുള്ള വിവാഹ ധനസഹായം | | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2022 3 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3811/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പല പദ്ധതി നിർവ്വഹണ രേഖകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
2)പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാകുന്നുണ്ടോയെന്ന് നിരീക്ഷിക്ക പ്പെടുന്നതായി മിനിട്സിൽ രേഖയില്ല.

3)പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4)ബി എസ് എൻ എലിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു.

5)ഗ്രാമപഞ്ചായത്തിൽ 4 അങ്കണവാടികൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വം മുൻ നിർത്തി ഫിറ്റനസ് ഇല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

സഞ്ചയ ഡേറ്റാബേസ് പ്രകാരം 12 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതി നേടി നിർമ്മാണം പൂർത്തീകരിച്ച താഴെ പറയുന്ന മൊബൈൽ ടെലിഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | കെട്ടിട നം | വിസ്തൃതി ച.മീ | അസസ്സ് ചെയ്ത നികുതി | പെർമിറ്റ് പ്രകാരം ടവറിന്റെ ഉടമ |
|---|---|---|---|---|---|
| 1 | 11 | 189 | 12 SQ M | 5760 | ബി.എസ്.എൻ.എൽ |
| 2 | 13 | 328 | 12 SQ M | 5760 | ബി.എസ്.എൻ.എൽ |

2013-14 സാമ്പത്തിക വർഷം അസസ്സ്ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ലായെന്ന് സഞ്ചയയിൽ കാണുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് നേടിയോ അല്ലാതെയോ നിർമ്മിക്കപ്പെട്ട ഒരു മൊബൈൽ ടെലി കമ്യൂണിക്കേഷൻ ടവറും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ഫീൽഡ് തല പരിശോധന നടത്തി എല്ലാ വാർഡിലുമുള്ള മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടെ വിവരങ്ങൾ സഞ്ചയ ഡേറ്റാ ബേസിൽ

ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ-9/24.06.22) ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകൾ അസ്സസ്സ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തി നോട്ടീസ് നൽകിയിട്ടുണ്ട് എന്ന വിവരം അധികതർ മറുപടിയായി നൽകി.റവന്യൂ റിക്കവറി നടപടികളിലൂടെ നികുതി ഈടാക്കി ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ഫ്യൂവൽ സ്റ്റേഷനുകളുടെ കനോപ്പി ഭാഗത്തെ വസ്തു നികുതി ഈടാക്കുന്നില്ല.

ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചതുരശ്രമീറ്ററിന് 50 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷന്റ വസ്തുനികുതി നിർണ്ണയിച്ചത്. 3 ഫ്യൂവൽ സ്റ്റേഷൻ മാത്രമാണ് പഞ്ചായത്ത് പരിധിയിലുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഇപ്രകാരമുള്ള ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഉടമയുടെ പേര് | വാർഡ്നം/ കെട്ടിട നമ്പർ | പരിഗണിച്ച തറ വിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | തോമസ് കുതിരവട്ടത്ത് കുതിരവട്ടത്ത്, കല്ലിശ്ശേരി | 9/570 | 54.57 | 346 |
| 2 | ഗ്രേസി എബ്രഹാം അലൻചേരിൽ മഴുക്കീർ | 6/104 | 51.15 | 1824 |
| 3 | രാമഭദ്രൻ നായർ പുന്നത്ര ഐശ്വര്യ ഇരമല്ലിക്കര | 1/358 | 29.23 | 1467 |

ക്രമനമ്പർ 1ഉം 2ഉം എം.സി. റോഡിന് സമീപവും ക്രമനമ്പർ 3 പ്രാവിൻ കൂട് -ഇരമല്ലിക്കര റോഡിന് സമീപവും സ്ഥിതിചെയ്യുന്നതും വലിയതോതിൽ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് എന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയരി നമ്പർ-07/23.06.22) കനോപ്പി ഭാഗത്തെ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി തറ വിസ്തീർണ്ണം അളന്ന് ചുമതലപ്പെടുത്തുവാൻ എൻജിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി നികുതി പുന:ക്രമീകരിച്ച് ഓഡിറ്റിനെ അറിയ്ക്കാമെന്ന മറുപടി ലഭ്യമാക്കിയട്ടുണ്ട്.

യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന്

നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് വിശദാംശം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-12 അൺ എയ്ഡഡ് സ്കൂളിനെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി.

ഗ്രാമപഞ്ചായത്തിലെ ഉമയാറ്റുകര വാർഡിൽ പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് ഹൈ സ്കൂളായ എബനൈസർ ഇംഗ്ലീഷ് മീഡിയം സ്കൂളിനെ അസ്സസ്സ് ചെയ്ത് നമ്പർ നൽകിയിട്ടുള്ളതാണെങ്കിലും സഞ്ചായ ഡാറ്റാ ബേസിൽ ടി കെട്ടിടം നികുതി ,ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 10/31 എന്ന നമ്പർ നൽകി കെട്ടിടത്തെ അസസ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഉടമസ്ഥരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല. ഒഴിവാക്കപ്പെട്ട കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-14/25.06.22) മറുപടിയായായി പ്രസ്തുത കെട്ടിടത്തിന് നികുതി ചുമത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികതർ അറിയിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ പഴക്കത്തിന് ആനുപാതികമായി കുറവ് വരുത്തി നികുതി ചുമത്തി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 പെട്രോൾ പമ്പുകളുടെ ലൈസൻസ് ഫീ ഈടാക്കുന്നതിലെ കുറവ്.

ഗ്രാമപഞ്ചായത്തിൽ ആകെ 3 പെട്രോൾ പമ്പുകൾ പ്രവർത്തിച്ചുവരുന്നു.പമ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ വിശദാംശം | വാർഡ് നം | കെട്ടിട നം | ഈടാക്കിയ ലൈസൻസ് ഫീ | ഈടാക്കാവുന്നത് |
|---|---|---|---|---|---|
| 1 | തോമസ് കുതിരവട്ടത്ത് കുതിരവട്ടത്ത്, കല്ലിശ്ശേരി | 9 | 570 | 2000 | 5000 |
| 2 | ഗ്രേസി എബ്രഹാം അലൻചേരിൽ മഴുക്കീർ | 6 | 104 | 2000 | 5000 |
| 3 | രാമഭദ്രൻ നായർ പുന്നത്ര ഐശ്വര്യ ഇരമല്ലിക്കര | 1 | 358 | 2000 | 5000 |

1996ലെ ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പട്ടിക II ലെ വാർഷിക ലൈസൻസ് ഫീ ഇനത്തിൽ സ്മോൾ സ്കെയിൽ എന്റർ പ്രൈസസ് ഇനത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് 5000 രൂപ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്നതാണെന്ന് ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്.മേൽ

സൂചിപ്പിച്ച സ്ഥാപനങ്ങളെ അത്തരത്തിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് സംബന്ധിച്ചിട്ടുണ്ട്.മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-14 സ്ഥാപന തൊഴിൽ നികുതി- ഈടാക്കിയില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | തുക | കാലയളവ് |
|---|---|---|---|---|
| 1 | ഉമയാറ്റുകര സർവ്വീസ് സഹകരണ ബാങ്ക് | സ്ഥാപന നികുതി | 1250 | 2020-21 Ist Half |

മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി ഒടുക്കുവരുത്തി വിശദാംശം ലഭ്യമാക്കേതാണ്.

1-15 ഇ ടെന്റർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെന്റർ ഫീസ് ഇനത്തില തുക തിരികെ ലഭിക്കാൻ അവശേഷിക്കുന്നു.

2020-21 വർഷം വരെ ഗ്രാമപഞ്ചായത്തിൽ ഇ ടെന്റർ വഴി നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസ് ഇനത്തിൽ 157183 രൂപ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിക്കാനുള്ളതായി കാണുന്നു. ഈ തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/23.6.2022) ലഭ്യമാക്കിയ മറുപടിയിൽ തിരുവൻവണ്ടർ ഗ്രാമപഞ്ചായത്തിൽ ഇ ടെന്ററിനായി ആരംഭിച്ച എസ് ബി ഐ ചെങ്ങന്നൂർ ബ്രാഞ്ചിലെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.തുക ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം - സോയിൽ ടെസ്റ്റിനായി തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സോയിൽ ടെസ്റ്റ് നടത്തിയതിന് പ്രോജക്ട നം. 100/21 പ്രകാരം പത്മചന്ദ്ര കൺസൾട്ടിംഗ് ഏജൻസീസ് എന്ന സ്ഥാപനത്തിന് 75500 രൂപ (ബിൽ നം. 47/14.1.2021)നൽകിയിരുന്നു.പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുനതിനുള്ള നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/2020-21/29.6.2022) ലഭ്യമാക്കിയ മറുപടിയിൽ സോയിൽ ടെസ്റ്റ് നടത്തിയിട്ടുള്ളതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി പി ആർ തയാറാക്കി നബാർഡിന് സമർപ്പിച്ചിട്ടുള്ളതായും ആയതിന് അപ്രൂവൽ ലഭിച്ചതിന് ശേഷം മറ്റ് തുടർ പ്രവൃത്തികൾ നടപ്പിലാക്കുന്നതുമാണെന്ന് അറിയിച്ചു. എന്നാൽ നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-17 ഇന്റർലോക്കിംഗ് -അധിക നിരക്ക് നൽകി-സോഫ്റ്റ് വെയറിലെ പിഴവ്

പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 872.03 രൂപയാണ് അനുവദിക്കാവുന്ന നിരക്ക് (ഒബ്സർവ്ഡ് ഡേറ്റ) എന്നിരിക്കെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രകാരം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 1334.65നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്.വിശദാംശം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ | 1334.65/$m^2$ നിരക്കിൽ അനുവദിച്ച തുക | 872.03/$m^2$ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| വെണ്ണമ്പള്ളിൽ വടക്കെ മുറി ഇന്റർലോക്കിംഗ് | 341/2020-21 | 178.69 $M^2$ | 238488 | 155823 | 82665 |

മേൽ അപാകതകയിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/2020-21/29.6.2022) ലഭ്യമാക്കിയ മറുപടിയിൽ സെക്വയർ സോഫ്റ്റ്‌വെയറിൽ ഒബ്സർവ്ഡ് ഡേറ്റാ തയാറാക്കാൻ കഴിയാത്തതിനാൽ സോഫ്റ്റ്‌വെയറിലെ തന്നെ ഇനം നൽകുകയായിരുന്നു എന്ന് അറിയിച്ചു. സോഫ്റ്റ് വെയറിലെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-18 അധിക നിരക്കിൽ പി.എച്ച്.സി.യ്ക്ക് ഫർണ്ണിച്ചർ വാങ്ങി.

2020-21 സാമ്പത്തിക വർഷം തിരുവൻവണ്ടർ ഗ്രാമപഞ്ചായത്തിലെ ഇരമല്ലിക്കര പി.എച്ച്.സി.യ്ക്ക് മരുന്നുകൾ സൂക്ഷിക്കുന്നതിന് ഫർണ്ണിച്ചർ വാങ്ങുകയുണ്ടായി.കേരള ആർട്ടിസാൻ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയത്.ഏജൻസിയുടെ ജി.ഒ. പ്രകാരമുള്ള റേറ്റ് ചാർട്ടിൽ പരസ്യപ്പെടുത്തിയ വിലയും സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയപ്പോൾ ഈടാക്കിയ ബിൽ തുകയും

വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | ബിൽ പ്രകാരം ഈടാക്കിയ തുക | ഏജൻസിയുടെ ജി.ഒ (ജി.ഒ. (ആർ.ടി)**19/2019/SPD Dtd.13.05.2019)**യിൽ പരസ്യപ്പെടുത്തിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | Steel Table With 3 Drawer On Right Side& Cupboard On Left Side With Novapan Top 60X36X30 22G | 01 | 7404 | 7179 | 225 |
| 2 | Steel Table Eith 3 | 01 | 3933 | 3274 | 659 |

| | | | | | |
|---|---|---|---|---|---|
| | Drawers& Cupboard On Right Side With Novapan Top 36”x18”x 30” 20G | | | | |
| | ആകെ | | **11337** | **10453** | **884** |

13.05.2019 പുറപ്പെടുവിച്ച പ്രസ്തുത ജി.ഒ. യ്ക്ക് രണ്ടുവർഷക്കാലമാണ് കാലാവധി. ഏജൻസി റേറ്റ് ചാർട്ടിലൂടെ പരസ്യപ്പെടുത്തിയ വിലയെക്കാൾ അധിക വില നൽകി സാധനസാമഗ്രികൾ വാങ്ങിയത് അംഗീകരിക്കാനാവില്ല. അധികം നൽകിയ തുക ഏജൻസിയിൽ നിന്ന് ഈടാക്കി ഒടുക്ക വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

1-19 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അമിത ചെലവ്

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ (കൺസ്യൂമർ നം.1155349000366 ) 2020-21 ൽ പ്രതിമാസം 117537 - രൂപ തനതു ഫണ്ടിൽ നിന്നും കെ.എസ്.സി.ബി യിൽ അടച്ചിട്ടുണ്ട്. കെ.എസ്.സി.ബിയുടെ കല്ലിശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമാക്കിയ ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ ചാർജ്ജ് കണക്കാക്കുന്ന താരിഫ് (നം.DBKLSY/Sreet Light-Tvdr/2022-23 /45/25.06.2022) ചുവടെ ചേർക്കുന്നു .

| തെരുവു വിളക്കുകളുടെ ഇനം | റേറ്റ് | എണ്ണം | ആകെ തുക |
|---|---|---|---|
| സാധാരണ ബൾബ് 40W | 73 | 654 | 47742 |
| സാധാരണ ബൾബ് 60W | 112 | 84 | 9408 |
| സാധാരണ ബൾബ്100W | 184 | 2 | 368 |
| ഫ്ലൂറസന്റ് ട്യൂബ് (സിംഗിൾ) 40W | 73 | 42 | 3066 |
| ഫ്ലൂറസന്റ് ട്യൂബ് (ഡബിൾ)40W | 147 | 185 | 27195 |
| സോഡിയം വേപ്പർ ലാമ്പ്250W | 492 | 21 | 10332 |
| സി.എഫ്.എൽ 11W | 18 | 282 | 5076 |
| സി.എഫ്.എൽ 22W | 35 | 410 | 14350 |
| | | ആകെ | 117537 |

സാധാരണ ബൾബുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉപയോഗത്തിൽ ഉണ്ട് എന്ന് കണക്കാക്കിയാണ് കെ.എസ്.ഇ ബി വൈദ്യുതി ചാർജ് നിർണ്ണയിച്ചിരിക്കുന്നത് .എന്നാൽ മുൻ വർഷ പദ്ധതികളിലോ നിലവിലോ സാധാരണ ബൾബുകൾ വാങ്ങിയതായി രേഖകളില്ല .

കെ.എസ്.സി.ബി യും ഗ്രാമ പഞ്ചായത്തും സംയുക്തമായി തെരുവു വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തണമെന്ന ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12.04.2019ലെ 2(1) നം തീരുമാനത്തിന്റെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ:3-4 ലെ പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ 13.02.2020ൽ A2-680/19 നമ്പരായി കെ.എസ്.സി.ബി യ്ക്ക് കത്ത് നല്കിയിരുന്നു. എന്നാൽ കെ.എസ്.സി.ബി തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ കെ.എസ്.സി.ബിയുടെ ഡിമാന്റ് പ്രകാരമുള്ള തുക അടയ്ക്കുവാൻ പഞ്ചായത്ത് നിർബന്ധിതമായിരിക്കുകയാണ് .

പഞ്ചായത്തിൽ ഉപയോഗത്തിൽ ഇല്ലാത്ത സാധാരണ വിളക്കുകൾക്കായി മാത്രം 57518 /- രൂപ അടയ്ക്കുന്ന സാഹചര്യത്തിൽ കെ.എസ്.സി.ബി യും ഗ്രാമ പഞ്ചായത്തും തെരുവുവിളക്കുകളുടെ വാർഡു

തിരിച്ചുള്ള എണ്ണം ,അതിൽ സ്ഥാപിച്ചിട്ടുള്ള വിളക്കിന്റെ ഇനം എന്നിവ തിട്ടപ്പെടുത്തി ചാർജ് പുനർനിർണ്ണയിക്കുവാൻ സംയുക്ത പരിശോധനയും തെരുവു വിളക്കുകൾക്ക് മീറ്ററിംഗും നടത്തേണ്ടത് അനിവാര്യമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

1-20 വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നം. 1/21

പേര് .ഐ.കെ.എം. വിഹിതം നല്കൽ

അടങ്കൽ . 45000

ചെലവ് .44560

ബിൽ നം.6/22.5.20

സെക്രട്ടറി നർവ്വഹണ ഉദ്യോഗസ്ഥയായ ഐ.കെ.എം. വിഹിതം നല്കൽ എന്ന പദ്ധതിയ്ക്ക് മേൽ ബിൽ പ്രകാരമുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല .

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം.നം.02/20-21/22.06.22 മുഖേന ആവശ്യപ്പെട്ടതിന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമായിട്ടില്ല എന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 44560/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . വിനിയോഗ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

1-21 ന്യൂട്രിമിക്സിന്റെ സാമ്പിൾ പരിശോധനാ വിവരം ലഭിച്ചില്ല

പ്രോജക്ട്നം. 26

പേര് . അനുപൂരക പോഷകാഹാര പരിപാടി

അടങ്കൽ .1400000

ചെലവ് . 1295083

നിർവ്വഹണം .ഐ.സി.ഡി.എസ് സൂപ്പർ വൈസർ

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന കുട്ടികൾക്ക് ന്യൂട്രിമിക്സ് നല്കുവാൻ ആവിഷ്കരിച്ച പദ്ധതിയാണ് അനുപൂരക പോഷകാഹാര പരിപാടി .

അങ്കണവാടികൾ മുഖേന വിതരണം നടത്തുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.

പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല / ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളിൽ അമൃതശ്രീ ,അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് വഴി ലഭ്യമാക്കുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ 2020-21 വർഷം ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും പരിശോധിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം അറിയിക്കുവാനും നല്കിയ ഓഡിറ്റ് അന്വേഷണം നം. 15/20-21/28.06.22 ന് 2020-21കാലയളവിൽ കോവിഡ്

കാരണം ലാബ് ടെസ്റ്റ് നടത്തുവാൻ സാങ്കേതിക തടസ്സം നേരിട്ടു എന്ന് മറുപടി നല്കി. നിലവിലെ സർട്ടിഫിക്കറ്റ് മറുപടിയോടൊപ്പം ഹാജരാക്കി .

സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശാനുസരണം ന്യൂട്രിമിക്സ് സാമ്പിളിന്റെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കുന്ന മുറയ്ക്ക് മാത്രം തുക അനുവദിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-22 വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് വക വാഹന (KL30.A1449) ത്തിന്റെ ലോഗ് ബുക്കിലെ 01.04.2020 മുതൽ 31.03.2022 വരെയുള്ള രേഖപ്പെടുത്തൽ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു

1.01.04.2020 മുതൽ 30.06.2020 വരെയുള്ള യാത്രകളിൽ ഏതാനും തീയതികളിൽ മാത്രമേ കൺട്രോളിംഗ് ഓഫീസർ ലോഗ് ബുക്കിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ.

2.ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി അതിന്റെ വിവരം ലോഗ് ബുക്കിൽ ചേർത്തിട്ടില്ല .

3.വാഹനത്തിന്റെ പ്രതിമാസ ഡീസൽ വാങ്ങലുമായി ബന്ധപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാന ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്ത് പോരുന്നില്ല. ആയതിനാൽ യാത്ര ചെയ്ത ദൂരത്തിനനുസൃതമായാണോ ഇന്ധനഉപഭോഗം എന്ന് വ്യക്തമല്ല.

4. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച രേഖപ്പെടുത്തലുകളും ലോഗ് ബുക്കിൽ വരുത്തിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം .നം.22/20-21 /29.06.22 ന് ഓഡിറ്റ് നിർദ്ദേശത്തിനു വിധേയമായി ലോഗ് ബുക്ക് കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നല്കി.

1-23 ഫിറ്റ്നെസ്സ് സർട്ടിക്കറ്റ് ഇല്ലാതെ അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നു

തിരുവൻവണ്ടർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന അങ്കണവാടികൾ പഞ്ചായത്തിൽ നിന്നും നല്കുന്ന ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെയാണ് പ്രവർത്തിക്കുന്നത് .

| സെന്റർ നം | സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനു കാരണം |
|---|---|
| 144 | കെട്ടിടത്തിന് ടോയ് ലറ്റ് ഇല്ല . തൊട്ടടുത്ത് ഒരു കുളമുണ്ട് .ചുറ്റമതിലിന്റെ അഭാവത്തിൽ ഇത് കുട്ടികൾക്ക് സുരക്ഷാ ഭീക്ഷണി ഉണ്ടാക്കുന്നു |
| 149 | കെട്ടിടത്തിന് ടോയ് ലറ്റ് ഇല്ല . |
| 150 | തൊട്ടടുത്ത് ഒരു ചെറിയ തോടുണ്ട് .ചുറ്റമതിലിന്റെ അഭാവത്തിൽ ഇത് കുട്ടികൾക്ക് സുരക്ഷാ ഭീക്ഷണി ഉണ്ടാക്കുന്നു |
| 151 | കെട്ടിടം ഉപയോഗക്ഷമമല്ല |

കുട്ടികൾക്ക് സുരക്ഷാ ഭീക്ഷണി ഉണ്ടാക്കുന്ന കെട്ടിടത്തിലും പരിസരത്തും അങ്കണവാടി പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല . ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ലൈഫ് ഭവന നിർമ്മാണ പദ്ധതി 2020-21 ൽ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു .

| ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ | പൂർത്തീകരിച്ചവയുടെ എണ്ണം | ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | ഭാഗികമായി മാത്രം പൂർത്തീകരിച്ചവയിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം | യാതൊരു നടപടികളും ആരംഭിക്കാത്തവയുടെ എണ്ണം | | നടപടികൾ ആരംഭിക്കാത്തവ സംബന്ധിച്ചുള്ള അഭിപ്രായം |
|---|---|---|---|---|---|---|---|
| | | ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക | | ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക | |
| 29 | 26 | സോമൻ | 40000 | പണി പൂർത്തീകരിയ്ക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട് | ശ്യാം പ്രകാശ് | 40000 | വീട് നിർമ്മാണം ആരംഭിക്കാത്തതിനാൽ തിരുവൻവണ്ടർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 06.10.2021 ലെ 1 (3) നമ്പർ തീരുമാന പ്രകാരം തുക പലിശ സഹിതം തിരികെ അടയ്ക്കുന്നതിന് കത്ത് നല്കിയിട്ടുണ്ട് . |
| | | | | | മുരളീധരൻ | 40000 | |

(ഓഡിറ്റ് അന്വേഷണം നം. 04/20-21/23.06.22 നുള്ള മറുപടി പ്രകാരം )

## 1-25 വിവിധ ഫണ്ടിനങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നു.

B4 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിട്ടുള്ള ഫണ്ടിനങ്ങൾ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ഫണ്ടിനം | തുക |
|---|---|
| വരട്ടാർ പുനരുദ്ധാരണത്തിനായി ലഭിച്ച തുക | 688810 |
| ജില്ലാപഞ്ചായത്ത് വിഹിതം | 300000 |

വരട്ടാർ പുനരുദ്ധാരണത്തിനായി ലഭിച്ച തുക പുഴയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അടിയന്തിരമായി ചെലവഴിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം തിരികെ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020 -21 | | | | |
| | 2020 -21 | 147100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 147100 | 0 |
| | 2020 -21 | 75000 | ആശ്രയ പദ്ധതി | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | | | | |
| | 2020-21 | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| | 2020-21 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| | 2020-21 | 75000 | പാലിന് സബ്സിഡി | 75000 | 0 |
| | 2020-21 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | 2020-21 | 760000 | ലൈഫ് പദ്ധതി -ജനറൽ | 760000 | 0 |
| | 2020-21 | 400000 | ലൈഫ് പദ്ധതി (എസ്സ്സി) | 400000 | 0 |
| | 2020-21 | 75000 | പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.സി.പി) | 75000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 7-ാം വാർഡിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | BRN No – 1)20070252015600679450 Dated 02/11/2020, 2)20070252015600679450 Dated 08/01/2021 3)20070252015600679450 Dated 02/11/2020 | 131495 | 131495 | 0 |
| Water Authority | ജലജീവൻ മിഷൻ - | BRN No – 20070252015601383092 Dated 26/03/2021 | 1009500 | 1009500 | 0 |

| | | | | | |
|---|---|---|---|---|---|
| | വിഹിതം നൽകൽ | | | | |
| Water Authority | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | BRN No -20070252015600908911 Dated 07/01/2021 | 550000 | 550000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | LF511/2018 Dated 02/01/2019 | 500000 | 279510 | 219412 | 0 | 60098 |

## 4-5 സ്ഥിര നിക്ഷേപം

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-3 | 9799 | ശ്രീമതി.ബീന, അക്കൌണ്ടന്റ് | 120030900023, 23/08/2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികൾ വഴി തുക ഈടാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81621740 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54406315 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 120060 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 75500 | ശ്രീമതി.ദിവ്യശ്രീ എം ആർ,അസി.എഞ്ചിനീയർ |
| 1-20 | 44560 | ശ്രീമതി.സുനിതാ ജി എസ് ,സെക്രട്ടറി |
| ആകെ | 120060 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുനിതാ ജി എസ് ,സെക്രട്ടറി | സെക്രട്ടറി,മേലില ഗ്രാമ പഞ്ചായത്ത് ,കൊല്ലം ജില്ല | മൺതടത്തിൽ വീട് , പകൽക്കുറി .പി.ഒ,തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീമതി.ദിവ്യശ്രീ എം ആർ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തിരുവൻവണ്ടർ ഗ്രാമ പഞ്ചായത്ത് | രേവതി,നെടിയറി.പി.ഒ, അഞ്ചൽ ,കൊല്ലം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996/97 | എൽ.എഫ്.എ.8/321 /01/17.04.01/08.06.01 ചെലവ് |
| 1997/98 | എൽ.എഫ്.എ.8/320 /01/17.04.01/08.06.01 |
| 1998/99 | എൽ.എഫ്.എ.8/1314 /02//18.12.2002 |
| 1999/2000 | എൽ.എഫ്.എ.8/1315 /02/11.06.2003 |
| 2000/2001 | എൽ.എഫ്.എ.8/943 /05/05.05.06 |
| 2001/2002 | എൽ.എഫ്.എ.8/943 /05/05.05.06 |
| 2002/2003 | എൽ.എഫ്.എ.11/942/08 |
| 2003/04 | എൽ.എഫ്.എ.11/943 /08/27.01.09/08.04.09 |
| 2004/05 | എൽ.എഫ്.എ.11/737 /10/31.10.11 |
| 2005/06 | എൽ.എഫ്.എ.11/738 /10/31.10.11 |
| 2006/07 | എൽ.എഫ്.എ.7/26/27.07.12 |
| 2007/08 | എൽ.എഫ്.എ.7/27/27.07.12 |
| 2008/09 | എൽ.എഫ്.എ.7/28/27.07.12 |
| 2009/10 | എൽ.എഫ്.എ.7/29/27.07.12 |
| 2010/11 | എൽ.എഫ്.എ.പി7/23 /12/06.08.12/04.10.12 |
| 2011/12 | എൽ.എഫ്.എ.പി7/1002 /14/10.10.14 |
| 2012/13 | എൽ.എഫ്.എ.പി7/347 /15/03.0615/04.08.15 |

| | |
|---|---|
| 2013/14 | കെ.എസ്.എ.എ.എൽ.പി.പി.7/405<br>/2016/26.03.16 |
| 2014/15 | കെ.എസ്.എ.എ.എൽ.പി/പി<br>7-832/2016/29.07.16/03.08.16 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി<br>14/44/2017 തീ.30.01.2017 |
| 2016-17 | കെ.എസ്.എ./എ.എൽ.പി/പി<br>14/1241/2017 തീ.3.11.2017 |
| 2017-18 | കെ.എസ്.എ./എ.എൽ.പി/പി<br>14/1468/2018 തീ.01.09.2018 |
| 2018-19 | കെ.എസ്.എ./എ.എൽ.പി/പി<br>14/1468/2018 തീ.01.09.2018 |
| 2019-20 | കെ.എസ്.എ./എ.എൽ.പി/പി<br>6/349/21 തീ.12.04.21 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്